നമ്പർ.സി.പി.(4) 53817/2008.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി: 14.08.2012.

Email : Keralarcs@coop.kerala.gov.in
Website : www.cooperation.kerala.gov.in
Tel.No. : 0471-2330726.

# സർക്കുലർ നമ്പർ. 36/2012.

വിഷയം : സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ ചിട്ടിക്ക് പകരമായി നടത്തുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം (എം.ഡി.എസ്) – സലയുടെ പരിധി നിശ്ചയിക്കുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

..........................

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ ചിട്ടിക്ക് പകരമായി നടത്തുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീമിന്റെ (എം.ഡി.എസ്) – സലയുടെ പരിധി കുറവായതുകാരണം എം.ഡി.എസ്.കളിന്മേൽ കൂടുതൽ പേർ ചേരുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടു ്. ആയതിനാൽ സംഘത്തിന്റെ/ബാങ്കിന്റെ നെറ്റ് അസറ്റിന്റെ 50% ൽ അധികരിക്കാതെ സംഘങ്ങളുടെ/ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പരമാവധി സല 10 ലക്ഷത്തിലധികരിക്കാതെ ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം, ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തോടു കൂടി നടത്തുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഇതിനാൽ അനുമതി നൽകുന്നു.

മേൽ നിർദ്ദേശം വകുപ്പ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സംഘങ്ങളുടെ ശ്രദ്ധയിൽ കൊ ുവരേണ്ടതും, ഡെപ്പോസിറ്റ് സ്കീമിന് അംഗീകാരം ലഭിച്ചിട്ടു ോ എന്നും, സർക്കാരിലേക്ക് അടയ്ക്കേ കമ്മിഷൻ തുക അടയ്ക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്.

(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

<u>പകർപ്പ്:</u>

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
   [ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന]
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   [ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന]
5. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും/സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കും.
   [ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന]
6. സഹകരണ വീഥി/ജേർണൽ (പ്രസിദ്ധീകരണത്തിന്)
7. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. വെബ്സൈറ്റ്.
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ.